## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2406** **12-10-2021 - ൽ മറുപടിയ്ക്ക്**

## ഇടക്കോലി-ഉഴവൂർ-കോട്ടയം മെഡിക്കൽ കോളേജ് റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇടക്കോലി-ഉഴവൂർ-കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരളാ റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഇടക്കോലി – ഉഴവൂർ - കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതിക്ക് 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകളിൽ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷനും സാധിക്കുമോ എന്നറിയിക്കാമോ; | (ബി) | ഇടക്കോലി – ഉഴവൂർ - കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിക്ക് 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിൽ ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ എസ്.പി.വി യോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രോജക്ട് ഡയറക്ടർ അംഗീകാരം നൽകിയ റിപ്പോർട്ട് ഇതു വരെ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള സ്ഥിതിയനുസരിച്ച് ഭരണാനുമതി നൽകുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ? | (സി) | ബി പിരിവിൽ പരാമർശിച്ചിരിക്കുന്ന റിപ്പോർട്ട് എസ്.പി.വി ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നത് സംബന്ധിച്ച് തീരുമാനം കിഫ്ബി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ